# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

# തിരുവനന്തപുരം ജില്ല

# സോഷ്യൽ  ഓഡിറ്റ് റിപ്പോർട്ട്

**13/08/2019-19/08/2019**

ബ്ലോക്ക്  -  പാറശ്ശാല

ഗ്രാമ  പഞ്ചായത്ത്  -  കുളത്തൂർ

വാർഡ്-  വിരാലിപുരം  (16)

## <u>പാറശ്ശാല ബ്ലോക്ക്  പഞ്ചായത്ത്</u>

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക്പഞ്ചായത്താണ് പാറശ്ശാല ബ്ലോക്ക്പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമസ്ഥാനം കൂടിയായതിനാൽ ജനങ്ങൾക്ക് കലയോടും സംസ്ക്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽവ്യവസായമായ കരിപ്പട്ടി നിർമ്മാണത്തില് തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങള് വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ,പൂവാർ, പാറശ്ശാല, തിരുപുറം എന്നിങ്ങനെ **6** പഞ്ചായത്തുകളാണ് ഉള്ളത്.

## കുളത്തൂർ ഗ്രാമ പഞ്ചായത്ത്

1956**ലാണ് കുളത്തൂർ** ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നത്. കുളങ്ങളുടേയും കാവുകളുടെയും നാടായ കുളത്തൂർ പ്രകൃതി രമണീയമാണ്. പോഴിക്കരയുടെയും കൊടിതൂക്കിപൊറ്റയുടെയും സാമിപ്യം കൊണ്ടും ശ്രദ്ധേയമാണ് കുളത്തൂർ. ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും സാക്ഷരരാണ്.ജനങ്ങളുടെ പ്രധാന വരുമാന മാർഗം കൃഷിയും, മത്സ്യബന്ധനവുമാണ്.

അടിസ്ഥാന വിവരങ്ങൾ

വില്ലേജ് - കുളത്തൂര്

താലൂക്ക് - നെയ്യാറ്റിൻകര

വിസ്തീർണം - **11.24** ച. കി .മി.

വാർഡുകളുടെ എണ്ണം - **20**

അതിരുകൾ

കിഴക്ക് - കാരോട് പഞ്ചായത്ത് അതിർത്തി (പ്ലാമൂട്ടുക്കട-പൊഴിയൂർ റോഡ്)

പടിഞ്ഞാറ് - നെയ്യാര്

തെക്ക് - അറേബ്യന് കടല്

വടക്ക് - ചെങ്കല് പഞ്ചായത്ത് അതിർത്തി

വിരാലിപുരം വാർഡ്

വാർഡില് കാർഷിക വൃത്തിക്കും ടൂറിസത്തിനും പ്രാമുഖ്യമുണ്ട്. പ്രകൃതി ഒരുക്കുന്ന പച്ചപ്പും, വയലേലകളും,ചെറുതും വലുതുമായ ജലസ്രോതസ്സുകളും നെയ്യാറിന്റെ മനോഹാരിതയും വിവിധയിനം പക്ഷികളുടെ സാനിധ്യവും പ്രദേശത്തിന് ചാരുതയേകുന്നു. ഒരുകാലത്ത് നെൽ വയലുകള് സജീവമായിരുന്ന ഈ പ്രദേശം ഇന്ന് ഏക്കര് കണക്കിന് പ്രദേശം തരിശായിക്കിടക്കുന്ന നിലയിലാണ് കാണാൻ സാധിക്കുന്നത്.

അടിസ്ഥാന വിവരങ്ങൾ

അതിരുകൾ

തെക്ക് - ആറ്റുപുറം

വടക്ക് - കോട്ടയ്ക്കകം

കിഴക്ക് - മഴുപാറ

പടിഞ്ഞാറ് - നെല്ലിക്കോണം

ജനസംഖ്യ - **2980**

വീടുകൾ - **700**

കുടുംബശ്രീയൂണിറ്റുകൾ **-20**

പൊതുകുളങ്ങ ൾ - **1**

നീർച്ചാലുകള് - **1**

തോടുകൾ - **4**

അംഗൻവാടി- **1**

ആയുർവേദ ആശുപത്രി **-1**

തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം - **345**

സജീവ തൊഴിലാളികൾ - **196**

**സോഷ്യൽ ഓഡിറ്റ്:-**

**മറ്റു പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണം എന്നും സുതാര്യത ഉറപ്പുവരുത്തണമെന്നും അനുശാസിക്കുന്നു.സോഷ്യൽ ഓഡിറ്റിനുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.**

**ഗ്രാമസഭകളാണ് സോഷ്യൽ ഓഡിറ്റ് വേദികൾ. ഗ്രാമസഭ ആറു മാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ നം. 2952/2007എൽ.എസ്.ജി.ഡി/തീയതി 31.10.2007). സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി, അജണ്ട, വേദി എന്നിവ നിശ്ചയിച്ച് 7 ദിവസം മുമ്പ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്തുടങ്ങി ചുമതലകളുള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്** (as per G.O (Rt) No. 3906/2015/LSGD, Dated 30.12.2015) **31.01.2017 ൽ നിലവിൽ വന്നു. യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955** (No.TVM/TC/123/2017) **പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (2005) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധനരജിസ്റ്റർ

## പഞ്ചായത്തിലെ 7 രജിസ്റ്ററുകള് പരിശോധനയിലെ വിശദാംശങ്ങള്

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റര്
   - 345 പേർ രജിസ്റ്ററില് രജിസ്റ്റര് ചെയ്തിട്ടുണ്ട്.
   - ഇതിൽ 129 പേരുടെ ഫോട്ടോപതിച്ചിട്ടില്ല.
   - ഭൂരിഭാഗം ഫോട്ടോകളും പഴയതുമാണ്.
2. ഗ്രാമസഭ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ രജിസ്റ്റര്
   - 9ഗ്രാമസഭകളുടെ വിശദാംശങ്ങൾ രജിസ്റ്ററില് ഉണ്ടായിരുന്നു.
   - 2018 19 സാമ്പത്തിക വർഷത്തില് 3 ഗ്രാമസഭകള് നടത്തിയതിന്റെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.ഇതിൽ ഒരു ഗ്രാമസഭ നടത്തിയ തീയതി, സ്ഥലം തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തീട്ടില്ല. പ്രസ്ഥുത ഗ്രാമ സഭയിൽ 115 പേർ പങ്കെടുത്തതായ രേഖപ്പെടുത്തലുണ്ട്.
   - 2019 20 സാമ്പത്തിക വർഷത്തില് 9/11/2018ന് നടന്ന ഗ്രാമ സഭ റിപ്പോർട്ട് ഉണ്ട്. ഇതിൽ വിജിലൻസ്ആൻഡ് മോണിറ്ററിംഗ് സമിതി അംഗങ്ങളായി 7പേരെയും സോഷ്യൽ ഓഡിറ്റ് അംഗങ്ങളായി 11 പേരെയും

തെരഞ്ഞെടുത്തതായ രേഖപ്പെടുത്തലുണ്ട്. ആവശ്യമായ മറ്റു രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു.

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴില് നൽകിയതും സംബന്ധിച്ച രജിസ്റ്റർ
   - ആവശ്യമായ രേഖപ്പെടുത്തലുകൾ ഉണ്ട്.
4. പ്രവർത്തിയുടെ ലിസ്റ്റും, ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
   - 486 പ്രവർത്തികളുടെ വിശദാംശങ്ങള് ഉണ്ടായിരുന്നു.ആവശ്യമായ രേഖപ്പെടുത്തൽ ഉണ്ട്.
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ.
   - രണ്ട് രജിസ്റ്ററുകളിലായി 287 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ട്.
   - ക്രമ നമ്പർ 12 മുതൽ 55 വരെയുള്ള പ്രവർത്തികളില് ആവശ്യമായ സാക്ഷ്യപ്പെടുത്തൽ ഇല്ല.
6. സാധന രജിസ്റ്റർ
   - 190 പ്രവർത്തികളുടെ വിശദാംശങ്ങള് ഉണ്ടായിരുന്നു.
   - സിറ്റിസൺ ഇൻഫർമേഷന് ബോർഡ്, മറ്റു സാധന സാമഗ്രിഹികൾ മുതലായവയുടെ രേഖപ്പെടുത്തല് ഉണ്ടായിരുന്നു.
7. പരാതി രജിസ്റ്റ ർ
   - 2016/17 സാമ്പത്തിക വർഷത്തില് 2 പരാതികള് രജിസ്റ്റര് ചെയ്യപ്പെട്ടിട്ടുണ്ട്.
   - 2018/19 ല് പരാതികള് ഒന്നുമില്ല എന്ന രേഖപ്പെടുത്തലാണ് ഉള്ളത്.2019/20 ലും പരാതികള് ഒന്നും തന്നെ രജിസ്റ്റർചെയ്യപ്പെട്ടിട്ടില്ല.

| നമ്പർ | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് | പ്രവർത്തി ആരംഭിച്ച തീയതി | പ്രവർത്തി അവസാനിച്ച തീയതി | ചിലവഴിച്ച തുക |
|---|---|---|---|---|---|
| .1. | ഭൂവികസന പ്രവർത്തി | IF/325875 | 20/12/2018 | 7/06/2019 | 285086 |
| 2. | ഭൂവികസന പ്രവർത്തി | IF/325878 | 19/01/2019 | 29/05/2019 | 284545 |
| 3. | ഭൂവികസന പ്രവർത്തി | IF/325874 | 20/12/2018 | 3/03/2019 | 283253 |
| 4. | ഭൂവികസന പ്രവർത്തി | IF/325876 | 20/12/2018 | 7/06/2019 | 285033 |
| 5. | ഭൂവികസന പ്രവർത്തി | IF/325877 | 20/12/2018 | 12/3/2019 | 289906 |
| 6. | ദേവർപുരം സ്കൂൾ പരിസരം കൃഷിക്ക് ഉപയുക്ത്തമാക്കൽ | LD/245201 | 20/12/2018 | 17/02/2019 | 271094 |
| 7. | പാട്ടകൃഷി | IF/325743 | 07/03/2019 | 24/06/2019 | 284400 |
| 8. | പാട്ടകൃഷി | LD/336088 | 01/08/2019 | ONGOING | |

| | | | | | |
|---|---|---|---|---|---|
| 9. | പാട്ടകൃഷി | LD/336089 | 01/08/2019 | ONGOING | |
| 10. | പാട്ടകൃഷി | LD/336091 | 01/08/2019 | ONGOING | |
| 11. | കിണർ നിർമ്മാണം | IF/327983 | 09/10/2018 | 21/10/2018 | 22400 |
| 12. | വൃക്ഷത്തൈ പരിപാലനം | DP/272330 | 03/12/2018 | 11/07/2019 | 389828 |
| 13. | കണ്ണമ്മൽക്കോണം കുളം പുനരുദ്ധാരണം | WH/318500 | 18/02/2019 | 18/03/2019 | 276971 |

ലൈഫ് ഭവന നിർമ്മാണ പദ്ധതി

| നമ്പർ | ഗുനഭോക്താവിന്റെ പേര് | വർക്ക് കോഡ് | മസ്‌ട്രോൾ അനുവദിച്ച തീയതി |
|---|---|---|---|
| 1. | കമലാക്ഷി | IF/360036 | 08/03/2019 |
| 2. | പുഷ്പം | IF/360047 | 14/02/2019 |
| 3. | ബേബി | IF/360045 | 02/02/2019 |
| 4. | ഓമന | IF/360049 | 02/02/2019 |
| 5. | റോസ്മേരി | IF/360046 | 02/02/2019 |
| 6. | ഓമന | IF/360050 | 13/02/2019 |
| 7. | തങ്കപ്പൻ | IF/360048 | 18/02/2019 |

ലൈഫ് ഭവന പദ്ധതി ഫയൽ പരിശോധന വിശദാംശങ്ങള്

- ഭരണാനുമതി,സാങ്കേതികാനുമതി,വി.ഇ.ഒയുടെറിപ്പോർട്ട്(ഒന്നിൽ ഒഴികെ(കമലാക്ഷി -IF/360036),ഫോട്ടോസ് മുതലായ രേഖപ്പെടുത്തൽ ഉണ്ട്.
- എസ്ടിമേറ്റിൽ ഒന്നില് ഒഴികെ (IF/360050ഓമന ) മറ്റെല്ലാ വർക്ക്കോഡ്കളും തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
- റൂട്ട് മേപ്പ് ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- മസ്ട്രോലുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

ഫീൽഡ് പരിശോധന വിശദാംശങ്ങള്

- ഒരു വീടൊഴികെ മറ്റെല്ലാ വീടുകളും പൂർത്തീകരിച്ച നിലയിലാണ് കാണാൻ സാധിച്ചത്.എന്നാൽ ഇതിനനുസരിച്ചുള്ള മസ്ട്രോലുകൾ നൽകിയിട്ടില്ല.
- എത്ര മസ്ട്രോലുകൾ ലഭ്യമായിട്ടുണ്ട് എന്നകാര്യത്തില് ഗുണഭോക്താക്കൾക്ക് വ്യക്തതയില്ല.

➢

# പ്രവർത്തികളുടെ വിശദാംശങ്ങളിലേക്ക്

ഭൂവികസന പ്രവർത്തി - IF/325875

ഫയൽ

- കവർപേജ്, ചെക്ക്ലിസ്റ്റ്,ആക്ഷന്പ്ലാൻകോപ്പി തുടങ്ങിയ രേഖകളിൽ അവശ്യമായ രേഖപ്പെടുത്തലുകള് ഉണ്ട്.
- ഭരണാനുമതി,സാങ്കേതികാനുമതി എന്നീ രേഖകളുണ്ട്.ഭാരനാനുമതിയില് സാക്ഷ്യപ്പെടുത്തലില്ല.
- എസ്റ്റിമേറ്റ്(വിശദമായ,അബ്സ്ട്രാക്റ്റ്) അവശ്യമായ സാക്ഷ്യപ്പെടുത്തലുകളോടെ കാണാൻ സാധിച്ചു.
- ഡിമാന്റ്ഫോമില് 28പേർ തൊഴിലിനായി അപേക്ഷിച്ചതിന്റെ രേഖപ്പെടുത്തലുകളുണ്ട്..തൊഴിലിനു അപേക്ഷ നൽകിയിരിക്കുന്ന അതേദിവസം തന്നെ പ്രവർത്തി അനുവദിച്ചതായും കാണുന്നു.
- മസ്ട്രോളിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകലുണ്ട്.ടി.എ).ഒഴികെയുള്ള രേഖപ്പെടുത്തലുകളുണ്ട്.ഇതിൽ 37തിരുത്തലുകളും,9പേര് തുടർച്ചയായി പ്രവർത്തിയില് ഹാജരാകാത്തതായും രേഖപ്പെടുത്തിക്കാണുന്നു.
- വേജ്ലിസ്റ്റ്,എഫ്.ടി.ഒ എന്നിവ ഉണ്ട്. 7/06/2019ൽ പൂർത്തിയായ പ്രവർത്തിക്ക്10/06/2019ൽ വേജ് ലിസ്റ്റ്ആയിട്ടുണ്ടെങ്കിലും എഫ്.ടി.ഒ8/7/2019നാണ് ആയിട്ടുള്ളത്.
- പ്രവർത്തിയുടെ മൂന്ന് ഘട്ടങ്ങളിലുമുള്ള ഫോട്ടോകള് ഉണ്ട്.
- പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം അവശ്യമായ രേഖപ്പെടുത്തലുകളോടെ ഫയലില് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- മസ്ട്രോൾ മൂവ്മെന്റ്സ്ലിപ്പ് അവശ്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിച്ചിട്ടുണ്ട്.(എം.ഐ.എസ് എൻട്രി ഒഴികെ).
- സൈറ്റ് ഡയറിയില് മതിയായ രേഖപ്പെടുത്തലുകള് ഉണ്ട്.

ഫീൽഡ്

- മൂന്ന് പുരയിടങ്ങളിലായി ഭൂവികസന പ്രവർത്തികള് നടപ്പിലാക്കിയതിന്റെ കരം തീരത്ത രസീതുകളും രേഖകളും ഫയലിൽ സൂക്ഷിച്ചിരുന്നു.
- മെഷർമെന്റ് ബുക്ക് പ്രകാരം ട്രെഞ്ചുകൾ, 50 തെങ്ങിന്കുഴികൾ,15 മഴക്കുഴികൾ,4 കമ്പോസ്റ്റ് പിറ്റുകൾ,എന്നീ പ്രവർത്തികള് നടപ്പിലാക്കിയിട്ടുള്ളതായും ലീഡ് ആൻഡ് ലിഫ്റ്റ് പ്രവർത്തികള് ചെയ്തതായും രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ ട്രെഞ്ചുകൾ,ബണ്ടുകൾ എന്നിവ ചെയ്തിട്ടുണ്ടെങ്കിലും അളക്കാൻ സാധിക്കാത്ത നിലയിലാണ്.
- പ്രവർത്തി സ്ഥലങ്ങളില് 34തെങ്ങിന്കുഴികൾ,3 മഴക്കുഴികൾ,എന്നിവ കാണാൻ സാധിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷന് ബോർഡ് പ്രവർത്തി സ്ഥലങ്ങളില് കാണാൻ സാധിച്ചിട്ടില്ല.
- പദ്ധതിയിലൂടെ 1021തൊഴിൽ ദിനങ്ങളിലായി 285086 രൂപ ചെലവഴിച്ചിട്ടുണ്ട്.

➢

ഭൂവികസന പ്രവർത്തികൾ,- IF/325878

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകള് ഫയലില് ഉൾക്കൊള്ളിച്ചിരുന്നു.
- ഡിമാന്റ് ചെയ്തിട്ടുള്ള 12തൊഴിലാളികളുടെ പേരുകൾ മസ്ട്രോളിൽ വന്നിട്ടില്ല.
- മസ്ട്രോളിൽ 20 തിരുത്തലുകളും,5തൊഴിലാളികൾ തുടർച്ചയായി ഹാജരാകാത്തതായും രേഖപ്പെടുത്തി ക്കാണുന്നു.
- പ്രവര്ത്തിയുമായി ബന്ധപ്പെട്ട മൂന്നാം ഘട്ട ഫോട്ടോയിൽ സിറ്റിസൺ ഇൻഫർമേഷന് ബോർഡ് ഉൾക്കൊള്ളിച്ചിട്ടില്ല.

ഫീൽഡ്

- 5 പുരയിടങ്ങളിലായി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകൾ ഫയലില് ഉൾക്കൊള്ളിച്ചിരുന്നു.
- മെഷർമെന്റ് ബുക്ക് പ്രകാരം 25 ട്രെഞ്ചുകൾ,60 തെങ്ങിന്കുഴികൾ, 30 മഴക്കുഴികൾ,ബണ്ടുകൾ എന്നീ പ്രവർത്തികളും ലീഡ് ആൻഡ് ലിഫ്റ്റ് പ്രവർത്തികളും ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു.
- ഫീൽഡ് തല പരിശോധനയില് നിന്നും 8 മഴക്കുഴികൾ,214 മീറ്റർ ബണ്ട്, ട്രെഞ്ചുകൾ എന്നിവ കാണാന് സാധിച്ചു.
- രണ്ട് പുരയിടങ്ങൾ അളക്കാന് സാധിക്കാത്ത നിലയിലുമാണ്.
- സിറ്റിസൺ ഇൻഫർമേഷന് ബോർഡ് കാണാന് സാധിച്ചിട്ടില്ല.

- പ്രവർത്തിയില് 923 തൊഴിൽ,ദിനങ്ങളിലായി 284545 രൂപ ചിലവഴിച്ചിട്ടുണ്ട്.

ഭൂവികസന പ്രവർത്തികള്,-IF/ 325874

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകൾ ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- മസ്ട്രോളിൽ 10തിരുത്തലുകളും 10തൊഴിലാളികൾ തുടർച്ചയായി ഹാജരാകാത്തതായ രേഖപ്പെടുത്തലുമുണ്ട്.

ഫീൽഡ്

- രണ്ടു പുരയിടങ്ങളിലായി പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായാണ് ഫയലിലെ രേഖകൾ വ്യക്തമാക്കുന്നത്.
- മെഷർമെന്റ്ബുക്ക്, വാലേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളിൽ നിന്നും പദ്ധതിയിലൂടെ 60 തെങ്ങിന്കുഴികൾ, 29 മഴക്കുഴികൾ, 33ട്രെഞ്ചുകൾ, ബണ്ടുകൾ എന്നിവ നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തി കാണുന്നു.
- ഫീൽഡ് പരിശോധനയില് നിന്നും 5 മഴക്കുഴികൾ, 44 തെങ്ങിന്കുഴികൾ,എന്നിവ കാണാൻ സാധിച്ചു.
- ബണ്ടുകൾ,ട്രെഞ്ചുകൾ എന്നിവ അളവ് രേഖപ്പെടുത്താന് സാധിക്കാത്ത നിലയിലാണുള്ളത്.
- സിറ്റിസൺ ഇൻഫർമേഷൻബോർഡ് ഉണ്ടായിരുന്നു.
- പ്രവർത്തിയിലൂടെ 1026 തൊഴിൽ ദിനങ്ങളിലായി 283253രൂപ ചിലവഴിച്ചിട്ടുണ്ട്.

4. ഭൂവികസന പ്രവർത്തി-IF/325876

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകൾ ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- മസ്ട്രോളിൽ 12 തൊഴിലാളികള് തുടർച്ചയായി ഹാജരാകാത്തതായും, 12 തിരുത്തലുകളും രേഖപ്പെടുത്തി കാണുന്നു.

ഫീൽഡ്

- 4 പുരയിടങ്ങളിലായി 51 തെങ്ങിന്കുഴികൾ, 20 മഴക്കുഴികൾ, 33 ട്രെഞ്ചുകൾ,എന്നീ പ്രവർത്തികള് നടപ്പിലക്കിയിട്ടുള്ളതായും ലീഡ് ആൻഡ് ലിഫ്റ്റ് പ്രവർത്തി അനുവദിച്ചതായും വാലേഷന് സർട്ടിഫിക്കറ്റ്, മെഷർമെന്റ് ബുക്ക് എന്നീ രേഖകളിൽക്കാണുന്നു.
- ഫീൽഡ് തല പരിശോധനയില് നിന്നും 17 മഴക്കുഴികൾ,39 തെങ്ങിന്കുഴികൾ, 12 വാഴക്കുഴികൾ(നട്ടിട്ടുണ്ട്),174.25 മീറ്റര് ബണ്ട് എന്നിവ കാണാൻ സാധിച്ചു.
  ഒരു പ്രവർത്തി സ്ഥലം അളക്കാന് സാധിക്കാത്ത വിധം കാടുപിടിച്ച നിലയിലാണ്.
- സിറ്റിസൺ ഇൻഫർമേഷന് ബോർഡ് പ്രവർത്തി സ്ഥലത്തുണ്ടായിരുന്നു.
- പ്രവർത്തിയിലൂടെ 1026 തൊഴിൽ ദിനങ്ങളിലായി 285033 രൂപ ചിലവഴിച്ചിട്ടുണ്ട്.

➢

5. ഭൂവികസനപ്രവർത്തികൾ,-IF/325877

ഫയൽ

- ബാധകമല്ലാത്ത രേഖകള് ഒഴികെയുള്ള രേഖകൾ ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- മസ്ട്രോളിൽ 13 തിരുത്തലുകളും, 4 തൊഴിലാളികള് തുടർച്ചയായി ഹാജരാകാത്തതായ രേഖപ്പെടുത്തലുമുണ്ട്.

ഫീൽഡ്

- 7 പ്രവർത്തി സ്ഥലങ്ങളിലായി 17 ട്രെഞ്ചുകൾ, 40 തെങ്ങിന്കുഴികൾ, 15 മഴക്കുഴികൾ, 5 കമ്പോസ്റ്റ് കുഴികൾ,എന്നീ പ്രവർത്തികള് നടപ്പിലാക്കിയിട്ടുള്ളതായാണ് വാലേഷൻ സർട്ടിഫിക്കറ്റ്, മെഷർമെന്റ് ബുക്ക് മുതലായ രേഖകളിൽ കാണുന്നത്.
- ഫീൽഡ് തല പരിശോധനയില് നിന്നും 13 മഴക്കുഴികൾ,4 തെങ്ങിന്കുഴികൾഎന്നിവ കാണാന് സാധിച്ചു.
- ട്രെഞ്ചുകൾ,ബണ്ടുകൾ എന്നിവ അളക്കാന് സാധിക്കാത്ത നിലയിലാണുള്ളത്.
- സിറ്റിസൺ ഇൻഫർമേഷൻബോർഡ് ഉണ്ട്.
- പ്രവർത്തിയിലൂടെ 1038 തൊഴിൽ ദിനങ്ങളിലായി 28990രൂപ ചിലവഴിച്ചിട്ടുണ്ട്.

➢

6. ദേവർപുരം സ്കൂൾപരിസരം കൃഷിക്ക് ഉപയുക്ത്മാക്കല്- LD/245201

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകൾ ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- മ്സ്ട്രോളിൽ 79 തിരുത്തലുകളും, 4 തൊഴിലാളികള് തുടർച്ചയായി ഹാജരാകാത്തതായും രേഖപ്പെടുത്തിക്കാണുന്നു.

ഫീൽഡ്

- വാല്യേഷൻ സർട്ടിഫിക്കറ്റ്, മെഷർമെന്റ് ബുക്ക് എന്നീ രേഖകള് പ്രകാരം സ്കൂൾ പരിസരം കൃഷിക്ക് അനുയോജ്യമാക്കാനായി കാട് വെട്ടിത്തെളിക്കൽ, മണ്ണ് കിളച്ച് കൃഷിക്ക് അനുയോജ്യമാക്കൽ,തുടങ്ങിയ പ്രവർത്തികളും ലീഡ് ആൻഡ് ലിഫ്റ്റ് പ്രവർത്തികള് അനുവദിച്ചതായും കാണുന്നു.
- ഫീൽഡ് തല പരിശോധനയില് നിന്നും കാട് വെട്ടിത്തെളിക്കല് പ്രവർത്തി ചെയ്തിട്ടുണ്ടെങ്കിലും നിലവില് ഭൂരിഭാഗം പ്രദേശവും കാടുപിടിച്ച നിലയിലാണുള്ളത്.
- 30 മഴക്കുഴികളും,27 തെങ്ങിന്കുഴികളും,3 കമ്പോസ്റ്റ് കുഴികളും ഇവിടെ പ്രവർത്തിയിലൂടെ ചെയ്തു നൽകിയിരിക്കുന്നു.
- സിറ്റിസൺ ഇൻഫർമേഷന് ബോർഡ് നിലത്ത് മറിഞ്ഞു കിടക്കുന്ന നിലയിലാണ് കാണാൻ സാധിച്ചത്.
- നിലവിൽ ഇവിടെ കൃഷിയൊന്നും തന്നെ ചെയ്തിട്ടുമില്ല.
- പ്രവർത്തിയിലൂടെ 970 തൊഴില് ദിനങ്ങളിലായി 271094 രൂപ ചിലവഴിച്ചിട്ടുണ്ട്.

7 . പാട്ടകൃഷിക്ക് ഭൂമി ഉപയുക്തമാക്കൽ- IF/325743

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകൾ ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- മസ്റ്ററോളിൽ 7 പേർ തുടർച്ചയായി ഹാജരാകാത്തതായും,9 തിരുത്തലുകൾ ഉള്ളതായും കാണുന്നു.
- മസ്ട്രോളിൽ തൊഴിലാളികളുടെ ഒപ്പിനു മേലെ ആബ്സന്റ് രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു.
- ഭൂഉടമയുമായുള്ള പാട്ടക്കരാരുകള് ഫയലില് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഫീൽഡ്

- സുവർണ്ണ സ്വയം സഹായ സംഘത്തിനായി 6 വ്യക്ത്തികളുടെ പുരയിടങ്ങളിലായി പാട്ടകൃഷിക്ക് പുരയിടമൊരുക്കൽ എന്ന പ്രവർത്തി നടപ്പിലാക്കിയിരിക്കുന്നതായാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
- ഫീൽഡ് തല പരിശോധനയില് നിന്നും 5 വ്യക്തികളുടെ പുരയിടങ്ങളിലും മരച്ചീനികൃഷി ചെയ്തിരിക്കുന്നതായും,ഒരു പുരയിടത്തിൽ വാഴകൃഷി ചെയ്തിരിക്കുന്നതായും കാണാൻ സാധിച്ചു.
- രണ്ടു പുരയിടങ്ങൾ പ്രവർത്തി കാണാന് സാധിക്കാത്ത വിധം കാടുപിടിച്ച നിലയിലുമാണ്.
- പ്രവർത്തിയില് 884M2 ൽവെള്ളത്തില് നിന്നും മണ്ണ് കോരി മാറ്റുന്ന പ്രവർത്തി അനുവദിച്ചതായി കാണുന്നു. ഇത്

പ്രസ്ഥുത പ്രവർത്തിക്ക് ആവശ്യമാണോ എന്ന കാര്യത്തില് അവ്യക്ത്തത ഉണ്ട്. ഇക്കാരണത്താൽ പ്രവർത്തിയിലൂടെ അനുവദിച്ച 4022.20 രൂപ ധനനഷ്ടമായി കണക്കാക്കുന്നു.ഈ തുക റികവര് ചെയ്യപ്പെടെണ്ടാതാണ്.

- പ്രവർത്തി സ്ഥലത്ത് സിറ്റിസണ് ഇൻഫർമേഷന് ബോർഡ് ഉണ്ടായിരുന്നു.എന്നാൽ പ്രവർത്തിയുടെ പേര് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.( ഭൂവികസന പ്രവർത്തികൾ)
- പ്രവർത്തിയിലൂടെ 1019 തൊഴില് ദിനങ്ങളിലായി 284400രൂപ ചിലവഴിച്ചിട്ടുണ്ട്.

8.പാട്ടകൃഷിക്ക് ഭൂമി ഉപയുക്തമാക്കൽ- IF/336088

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകൾ ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാല് രേഖകള് അപൂർണ്ണമായ രേഖപ്പെടുത്തലുകളായാണ് ഉണ്ടായിരുന്നത്.
- മസ്റ്ററോളിൽ 8 പേർ തുടർച്ചയായി ഹാജരാകാത്തതായി രേഖപ്പെടുത്തിക്കാണുന്നു.
- പാട്ടക്കരാറുകളും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഫീൽഡ്

- സുവർണ്ണ കുടുംബശ്രീക്കായി 4 വ്യക്തികളുടെ പുരയിടങ്ങളിലായി പാട്ടകൃഷിക്ക് പുരയിടമൊരുക്കൽ പ്രവർത്തി അനുവടിച്ചതായാണ് രേഖകളില് കാണുന്നത്.

- ഫീൽഡ് തല പരിശോധനയില് 2 പുരയിടങ്ങളിൽ പ്രവർത്തി നടപ്പാക്കിയിട്ടുള്ളതായും 2 പുരയിടങ്ങളില് പ്രവർത്തി നടപ്പിലാക്കാൻ ഉള്ളതായും ബോധ്യപ്പെട്ടു.

9.പാട്ടകൃഷിക്ക് ഭൂമി ഉപയുക്തമാക്കൽ-LD/336089

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകള് ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- പ്രവർത്തി അനുവദിച്ചിരിക്കുന്നതും ഡിമാന്റ് ചെയ്തിരിക്കുന്നതും 10/07/2019നാണ്.എന്നാൽ മസ്റ്ററോള് പ്രകാരം പ്രവർത്തി ആരംഭിച്ചിരിക്കുന്നത് 1/08/2019 നാണ്.
- മസ്റ്ററോളിൽ 21 തിരുത്തലുകളും,7തൊഴിലാളികൾ തുടർച്ചയായി ഹാജരാകാത്തതായും രേഖപ്പെടുത്തലുണ്ട്.
- മസ്റ്ററോളിൽ തെറ്റു വരുത്തിയതിന് മേറ്റ് എഴുതി നൽകിയ അപേക്ഷയും ഫയലില് ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാട്ടക്കരാറുകളും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഫീൽഡ്

- കൃപ സെൽഫ് ഹെൽപ് ഗ്രൂപ്പിനായി 4 പുരയിടങ്ങളിലായി പാട്ടകൃഷിക്ക് ഭൂമി ഉപയുക്തമാക്കൽ പ്രവർത്തി നടപ്പിലാക്കുന്നതായാണ് രേഖകളിൽ ഉള്ളത്.
- ഫീൽഡ് തല പരിശോധനയില് 2 പുരയിടങ്ങളിൽ പ്രവർത്തി നടപ്പാക്കിയിട്ടുള്ളതായും 2 പുരയിടങ്ങളില് പ്രവർത്തി നടപ്പിലാക്കാൻ ഉള്ളതായും ബോധ്യപ്പെട്ടു.
- സിറ്റിസൺ ഇൻഫർമേഷന് ബോർഡ് ഉണ്ടായിരുന്നു.

10. പാട്ടകൃഷിക്ക് ഭൂമി ഉപയുക്തമാക്കൽ - LD/336091

ഫയൽ

- 10/07/2019 ന് പ്രവർത്തി അനുവദിച്ചതായ രേഖപ്പെടുത്തലുണ്ട്.എന്നാൽ മസ്റ്ററോള് പ്രകാരം പ്രവർത്തി ആരംഭിച്ചിരിക്കുന്നത് 01/08/2019നാണ്.
- പാട്ടക്കരാറുകൾ ബാധകമല്ലാത്ത രേഖകള് ഒഴികെയുള്ള രേഖകൾ ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.

ഫീൽഡ്

- കസ്തൂർബ കുടുംബശ്രീക്കായി 9 പുരയിടങ്ങളിലായി പാട്ടകൃഷിക്ക് ഭൂമി ഉപയുക്ത്തമാക്കൽ പ്രവർത്തി നടപ്പിലാക്കുന്നതായാണ് രേഖകളിൽ ഉള്ളത്.
- ഫീൽഡ് തല പരിശോധനയില് നിന്നും 2 പുരയിടങ്ങളില് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായും 7 പുരയിടങ്ങളില് പ്രവർത്തി നടപ്പിലാക്കനുള്ളതായും ബോധ്യപ്പെട്ടു.
- സിറ്റിസൺ ഇൻഫർമേഷന് ബോർഡ് ഉണ്ടായിരുന്നു.

11. കിണർ നിർമ്മാണം- IF/327983

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകള് ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- 3 പേരുടെ അപേക്ഷഫോം ഉണ്ടായിരുന്നു.
- അവിദഗ്ദ്ധ,വിദഗ്ധ തൊഴിലാളികളുടെ മസ്ട്രോളുകൾ ഫയലിൽ ഉണ്ടായിരുന്നു.

- സൈറ്റ് ഡയറി നൽകിയിട്ടുണ്ട്.ഇതിൽ സന്ദർശകക്കുറിപ്പില് രേഖപ്പെടുത്തലുകൾ ഇല്ല. വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മിറ്റിയില് അംഗങ്ങളുടെ ഒപ്പ് മാത്രമാണ് ഉള്ളത്.

ഫീൽഡ്

- 11.50അടി താഴ്ച്ചയുള്ള കിണർ നിർമ്മിച്ചതായാണ് രേഖകളിൽ ഉള്ളത്.പരിശോധനയിൽ ശരിയായ അളവില് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.
- 36 തൊഴില് ദിനങ്ങളിലായി 22400രൂപ ചിലവഴിച്ചിട്ടുണ്ട്.

12. ഫലവൃക്ഷത്തൈ പരിപാലനം- DP/272330

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകൾ ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- മസ്റ്ററോളിൽ രേഖപ്പെടുത്തല് പൂർണ്ണമല്ല. 11തിരുത്തലുകളും,8 തൊഴിലാളികള് തുടർച്ചയായി ഹാജരാകാത്ത രേഖപ്പെടുത്തലുമുണ്ട്.

ഫീൽഡ്

- രേഖകൾ പ്രകാരം 1600 തൈകള് നട്ട് പരിപാലിക്കപ്പെടുന്നതായി രേഖകളിലുണ്ട്.
- ഫീൽഡ് തല പരിശോധനയില് 24 പ്രവർത്തിയിടങ്ങളിലായി 1286 തൈകള് കാണാന് സാധിച്ചു.
- ഒരു പ്രവർത്തിയിടത്തില് 30 കുഴികൾ തൈകള് ഇല്ലാതെയുള്ളതായും കണ്ടു.

- സിറ്റിസൺ ഇൻഫർമേഷന് ബോർഡ് ഉണ്ടായിരുന്നു

13. കണ്ണമൽക്കോണം കുളം പുനരുദ്ധാരണം - WH/318500

ഫയൽ

- ബാധകമല്ലാത്ത രേഖകൾ ഒഴികെയുള്ള രേഖകൾ ഫയലിൽ, ഉൾക്കൊള്ളിച്ചിരുന്നു.
- മസ്റ്റ്റോളിൽ 3 തൊഴിലാളികള് അവസാനഘട്ട ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
- മസ്റ്ററോളിൽ 84 തിരുത്തലുകളും,5 തൊഴിലാളികള് തുടർച്ചയായി ഹാജരാകാത്തതായും രേഖപ്പെടുത്തിക്കാണുന്നു.
- അവിദഗ്ദ്ധ,വിദഗ്ധ തൊഴിലാളികളുടെ മസ്ട്രോളുകൾ ഫയലിൽ ഉണ്ടായിരുന്നു.

ഫീൽഡ്

- പ്രസ്ഥുത പ്രവർത്തിയിലൂടെ റീട്ടയിനിംഗ് വാൾ,ഫൗണ്ടേഷൻ,സൈഡ് വാൾ,റാമ്പ്എന്നീ പ്രവർത്തികള് നടപ്പിലാക്കിയിട്ടുള്ളതായി രേഖകളില് ഉണ്ട്.
- ഫീൽഡ് തല പരിശോധനയില് മേൽപ്പറഞ്ഞ പ്രവർത്തികള് നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.
- സിറ്റിസൺ ഇൻഫർമേഷന് ബോർഡ് ഉണ്ടായിരുന്നു.

NOTE

കുളം പുനരുദ്ധാരണ പ്രവർത്തിയില് പമ്പ്സെറ്റ് ഉപയോഗിക്കാവുന്നതാണ്.എന്നാൽ ഫയലില് പമ്പ് ഉപയോഗിച്ചതായി രേഖയില്ല. ഫീൽഡ് തല പരിശോധനാവേളയില് അറിയാന് സാധിച്ചത്

പമ്പ് ഉപയോഗിച്ചുഎന്നാണ്.അതിനാൽ തന്നെ ഇതിലേക്കായി ചിലവായ തുക അർഹമായവർക്ക് നൽകേണ്ടതാണ്.

കണ്ടെത്തലുകളിലൂടെ

- ഫയലുകൾ നല്ല രീതിയില് സൂക്ഷിക്കുന്നുണ്ട്. അവശ്യമായ രേഖകൾ വ്യക്തമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കാൻ ശ്രമിക്കുന്നുണ്ട്.
- പ്രവർത്തികള് നടപ്പിലാക്കിയിട്ടുള്ളതായി രേഖകളില് പറയുന്ന സ്ഥലങ്ങളിൽ തന്നെ പ്രവർത്തി പ്രാവർത്തികമാക്കിയിട്ടുണ്ട്.
- എസ്റിമേറ്റ് പറയുന്ന പ്രകാരം പ്രവർത്തികള് നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും തൊഴിലാളികളില് പ്രവർത്തികളെ ക്കുറിച്ചുള്ള അവ്യക്തതകള് നിലനിൽക്കുന്നുണ്ട്.
- തൊഴിലിടങ്ങളിൽ നൽകുന്ന തണലിനാവശ്യമായ ടാർപ്പോളിന് ഷീറ്റ്,ഫസ്റ്റ് എയിഡ്ബോക്സ്, മുതലായവ മേറ്റ് പണം മുടക്കി വാങ്ങുന്നതായാണ് അറിയാൻ സാധിച്ചത്. ഒരു പ്രവർത്തി സ്ഥലത്ത് ഇതിലേക്കായി 450 രൂപ മേറ്റ് ചിലവഴിച്ചതായും ബോധ്യപ്പെട്ടിട്ടുണ്ട്.
- തൊഴിലാളികൾക്കാവശ്യമായ കൈയുറകൾ,കാലുറകൾ എന്നിവ മതിയായ അളവിൽ ലഭ്യമാകുന്നതായി തോന്നുന്നില്ല.
- ഫയലിൽ സൂക്ഷിക്കാനായി എടുത്തു നൽകുന്ന ഫോട്ടോകൾക്ക് പണം നൽകുന്നതിനെ സംബന്ധിക്കുന്ന രേഖകൾ ഇല്ല.

- രണ്ട് പ്രവർത്തികള് ഒരേ പ്രവര്ത്തിയിടങ്ങളില് നടപ്പിലാക്കിയിട്ടുള്ളതായിക്കാണുന്നു.(ഭൂവികസനം,ഫലവൃക്ഷത്തൈപരിപാലനം)
- ഫലവൃക്ഷത്തൈ പരിപാലനം പോലുള്ള പ്രവർത്തികള് ഭൂഉടമകൾ തന്നെ തുടര്പരിപാലനത്തിന് അനുവദിക്കാത്തതായും ശ്രദ്ധയിൽപ്പെട്ടു.

നിർദേശങ്ങൾ,

- പ്രവർത്തിക ശരിയായവിധം മനസ്സിലാക്കി പ്രാവർത്തികമാക്കാന് ശ്രദ്ധിക്കേണ്ടതാണ്.(പാട്ടകൃഷി,വൃക്ഷത്തൈ പരിപാലനം)
- പ്രവർത്തികളുടെ വ്യക്തതക്കുറവ് ഒഴിവാക്കാനായി എസ്റിമേറ്റ് ജനകീയമാക്കേണ്ടതാണ്.
- തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനം ഒരുക്കി നൽകേണ്ടതാണ്.
- പ്രവർത്തി സ്ഥല സന്ദർശനം കൃത്യതയോടെ പാലിക്കേണ്ടതാണ്.

തയ്യാറാക്കിയത്

അനുശ്രീ. എ. ജെ.

ബ്ലോക്ക്
റിസോഴ്സ്പേഴ്സൺ

പാറശ്ശാല

➢